# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 462

## 28.02.2017 ലെ മറുപടിക്ക്

## പബ്ലിക് ലൈബ്രറികൾക്ക് കെട്ടിടനിർമ്മാണം

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പബ്ലിക് ലൈബ്രറികൾക്ക് കെട്ടിട നിർമ്മാണത്തിന് ഏതെങ്കിലും തടസ്സങ്ങളുണ്ടോ; | സർക്കാർ ഉടമസ്ഥതയിൽ മൂലധനസ്വഭാവമുള്ള, ദീർഘകാലം നിലനിൽക്കുന്ന ആസ്തികളുടെ നിർമ്മാണമാണ് ആസ്തി വികസന പദ്ധതി വിഭാവനം ചെയ്യുന്നത്. പഞ്ചായത്ത് ലൈബ്രറികൾക്ക് ആസ്തി വികസന ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി വരുന്നുണ്ട്. എന്നാൽ സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പല ലൈബ്രറികളുടെയും ഉടമസ്ഥാവകാശം അവ രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കാണ്. അത്തരം ലൈബ്രറികളുടെ കെട്ടിട നിർമ്മാണത്തിന് ആസ്തി വികസന പദ്ധതിയിൽ നിന്നും ധനസഹായം അനുവദനീയമല്ല. |
| (ബി) | ഉണ്ടെങ്കിൽ ആയത് ഒഴിവാക്കി എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും ഗ്രന്ഥശാലകൾക്ക് കെട്ടിടം പണിയാൻ ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; | ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവു വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | പൊതു ഇടങ്ങൾ ഇല്ലാതാവുന്ന പുതിയ കാലത്ത് നാട്ടിലെ ഏറ്റവും മികച്ച പൊതു ഇടമായ ഗ്രന്ഥശാലകളുടെ കാര്യത്തിൽ എം.പി. ഫണ്ട്/എം.എൽ.എ ഫണ്ട് വിനിയോഗിക്കുന്നതിൽ കൂടുതൽ ഇളവ് അനുവദിക്കുമോ? | |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്

## സർക്കുലർ

നമ്പർ 33/2016/ധന. *തിരുവനന്തപുരം, 2016 ഏപ്രിൽ 12.*

വിഷയം:—ധനകാര്യ വകുപ്പ്—നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, 2015-16-ൽ ശേഷിക്കുന്ന തുകയുടെ വിനിയോഗത്തിനായി സമയപരിധിയിൽ ഇളവ് നൽകി നിർദ്ദേശം പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—1. സ. ഉ. നമ്പർ 247/2004/ധന. തീയതി 27-5-2004.

2. സ. ഉ. (പി) നമ്പർ 332/12/ധന. തീയതി 11-6-2012.

3. സർക്കുലർ നമ്പർ 63/2014/ധന. തീയതി 21-6-2014.

4. സർക്കുലർ നമ്പർ 19/2015/ധന. തീയതി 2-2-2015.

2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ഓരോ എം. എൽ. എ.-മാർക്കും അവരുടെ നിയോജകമണ്ഡലത്തിൽ ഒരു സാമ്പത്തിക വർഷം 5 കോടി രൂപയുടെ മേജർ വർക്കുകൾ ഏറ്റെടുക്കുന്നതിനായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് രൂപീകരിക്കുകയും സൂചന 2-ലെ ഉത്തരവ് പ്രകാരം പ്രവൃത്തികൾക്കുള്ള ശുപാർശകൾ സമർപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഏതെങ്കിലും കാരണങ്ങളാൽ എം. എൽ. എ.-മാർക്ക് മാറ്റം ഉണ്ടാകുന്ന സാഹചര്യത്തിൽ പ്രസ്തുത ഫണ്ടിന്റെ വിനിയോഗം, നടത്തിപ്പ്, പ്രവൃത്തികളുടെ തുടർച്ച എന്നിവ സൂചന 1-ലെ ഉത്തരവ് പ്രകാരമുള്ള എം. എൽ. എ. മാരുടെ പ്രാദേശിക വികസന ഫണ്ടിന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഖണ്ഡിക 3.9-ൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരമായിരിക്കുമെന്ന് സൂചന 2-ലെ ഉത്തരവിലെ പൊതുനിർദ്ദേശങ്ങൾക്ക് താഴെയുള്ള ഖണ്ഡിക 9-ൽ പ്രതിപാദിച്ചിട്ടുണ്ട്.

GCPT. 4/1617/2016/S-24.

2014-15 സാമ്പത്തിക വർഷത്തേക്കുള്ള ശുപാർശകൾ 2015 മാർച്ച് 31-ന് മുൻപായി സമർപ്പിക്കേണ്ടതാണെന്ന് സൂചന 4 സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കേണ്ട നിരവധി ശുപാർശകൾ വിവിധ വകുപ്പുകളിൽ അനുമതിക്കായി നിലവിലുണ്ടെങ്കിലും 2015-16 സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുൻപായി അനുമതി ലഭ്യമാക്കണമെന്നത് സംബന്ധിച്ച നിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിരുന്നില്ല. സംസ്ഥാനത്ത് ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ 2015-16 സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിൽ എം. എൽ. എ.-മാർ ശുപാർശ ചെയ്ത നിരവധി പദ്ധതികൾക്ക് അനുമതി നൽകാൻ സാധിച്ചിട്ടില്ല. അത്തരത്തിലുള്ള നിരവധി ശുപാർശകൾ ധനാനുമതിക്കായി ധനവകുപ്പിലും ഭരണാനുമതിക്കായി വിവിധ ഭരണവകുപ്പുകളിലും നിലവിലുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2015-16 വർഷത്തെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി വിനിയോഗം സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു:

1. 31-3-2016 വരെ എം. എൽ. എ. മാർ നിർദ്ദേശിച്ചിട്ടുള്ള പ്രോജക്ടുകൾ/ പ്രവൃത്തികൾ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി അനുവദനീയമാണെങ്കിൽ 2015-16-ലെ സ്പിൽ ഓവർ പ്രവൃത്തികളായി പരിഗണിച്ച് 2016-17-ൽ ധനാനുമതിയും ഭരണാനുമതിയും നൽകാവുന്നതാണ്.

2. 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേക്കായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് പകരമായി 1-4-2016-ന് ശേഷം മറ്റ് പ്രവൃത്തികൾ അനുവദനീയമല്ല. എന്നാൽ പ്രവൃത്തികൾ റദ്ദ് ചെയ്യാൻ അനുമതി ഉണ്ടായിരിക്കുന്നതാണ്.

3. 2016-17 സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 1-4-2016-നുശേഷം 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തികവർഷങ്ങളിലെ അവശേഷിക്കുന്ന ഫണ്ട് ഉപയോഗിച്ച്/ഫണ്ട് കൂടി ഉൾപ്പെടുത്തി നിർദ്ദേശിക്കുന്ന പ്രവൃത്തികൾ അനുവദിക്കുന്നതല്ല.

വി. കെ. ബേബി,

*സെക്രട്ടറി (ഫിനാൻസ് റിസോഴ്സസ്).*

എല്ലാ എം. എൽ. എ.-മാർക്കും.

എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്. എസ്. എ.), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ. & ആർ.എസ്.എ.), കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവൻമാർക്കും.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.

ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.

മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.

ട്രഷറി ഡയറക്ടർ.

നോഡൽ ഓഫീസർ www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.